(ഡി) പരിശോധിച്ചു. ശ്രീ എം. ശശിധരൻ (മെമ്പർ, സ്റ്റേറ്റ് ലെവൽ ഡാം സേഫ്റ്റി കമ്മിറ്റി), ശ്രീ. എം. കെ. മാധവൻ നായർ (മെമ്പർ, സ്റ്റേറ്റ് ലെവൽ ഡാം സേഫ്റ്റി കമ്മിറ്റി), ശ്രീ. എം. സി. ആന്റോ ബായ്, (ചീഫ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻ), ശ്രീ. എൻ. ശശി (ചീഫ് എഞ്ചിനീയർ, പ്രോജക്ട് - 2) എന്നിവരടങ്ങുന്നതാണ് ഡാം സേഫ്റ്റി കമ്മിറ്റിയുടെ വിദഗ്ധ സംഘം.

(ഇ) ഡാമിന്റെ വലത് ഭാഗത്ത് കണ്ട ചോർച്ച അബട്ട്മെന്റിലെ മഴവെള്ളം പോകാനുള്ള ദ്വാരങ്ങൾ അടഞ്ഞ് മഴവെള്ളം ഡാമിന്റെ ജോയിന്റിൽ കൂടി ഒലിച്ചിറങ്ങുന്നതാകാമെന്ന് വിദഗ്ധ സംഘം വിലയിരുത്തി. ഡാമിന്റെ ഇടതുഭാഗത്ത് കണ്ട ചോർച്ച സാധാരണ എല്ലാ 'മേസണറി' ഡാമുകളിലും കാണുന്ന തരത്തിലുള്ള 'ഡ്രെയിൻ ഹോൾ' അടഞ്ഞത് മൂലമെന്നും കണ്ടെത്തി. 13-1-2004-ൽ അണക്കെട്ട് പരിശോധിച്ചപ്പോൾ ചോർച്ച ഇല്ലെന്നു കണ്ടു. അന്നത്തെ ജലനിരപ്പു 110.47 മീറ്ററായിരുന്നു.

(എഫ്) ഡാമിന്റെ അബട്ട്മെന്റ് ഭാഗത്തെ കാട് വെട്ടിത്തെളിച്ച് മഴവെള്ളം പോകേണ്ട ദ്വാരങ്ങൾ വൃത്തിയാക്കാനും റിസർവോയർ ലെവലിന്റെ വ്യത്യാസമനുസരിച്ച് ചോർച്ചയ്ക്ക് വരുന്ന മാറ്റങ്ങൾ നിരീക്ഷിക്കാനും കാലാവസ്ഥ മാറുന്നതനുസരിച്ച് ചോർച്ചയ്ക്ക് വരുന്ന മാറ്റങ്ങൾ നിരീക്ഷിക്കുവാനും ശുപാർശ ലഭിച്ചിട്ടുണ്ട്. അടുത്ത ഒന്നു രണ്ട് വർഷത്തെ നിരീക്ഷണത്തിനുശേഷം ആവശ്യമെങ്കിൽ വിദഗ്ധ സമിതി വീണ്ടും പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ തയ്യാറാക്കാനും തീരുമാനിച്ചിട്ടുണ്ട്.

ഭാരതപ്പുഴയിൽ കൂട്ടകടവിൽ ചെക്ക് ഡാം നിർമ്മാണം

51 [208] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതപ്പുഴയിൽ കൂട്ടകടവിൽ ചെക്ക് ഡാം നിർമ്മിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ചെക്ക് ഡാം നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഇല്ല. ചെക്ക് ഡാം പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ നദിയുടെ അടിത്തട്ടിൽ നിന്നും ഉദ്ദേശം 15 മീറ്ററിൽ കൂടുതൽ താഴ്ചയിൽ പാറയുള്ളതിനാൽ ഡാം നിർമ്മാണത്തിന് ഉദ്ദേശം 2.50 കോടി രൂപയിൽ കൂടുതൽ ചെലവ് വരുമെന്ന് കണക്കാക്കുന്നു. നിർമ്മാണച്ചെലവ് 50 ലക്ഷം രൂപയിൽ കൂടുതൽ ആയതിനാൽ വിശദമായ പഠനവേഷണം ആവശ്യമാണ്. വിശദമായ പഠനവേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly